**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - വിജിലൻസ് മിന്നൽ പരിശോധന - ഓപ്പറേഷൻ അവിയൽ - കൽപ്പറ്റ നഗരസഭാ പ്രൊവിഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. കുഞ്ഞിക്കണ്ണൻ എം. നെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 1277/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.04.2017.

---

**പരാമർശം :** 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.03.2012 തീയതിയിലെ ഇ11(SC46/2011/WYD) 32927/2014 നമ്പർ കത്ത്.
2) കൽപ്പറ്റ നഗരസഭയിലെ പ്രൊവിഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. കുഞ്ഞിക്കണ്ണന് നൽകിയ 17.08.2012 തീയതിയിലെ 39822/ഇയു1/12/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3 കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കുഞ്ഞിക്കണ്ണൻ. എം. സമർപ്പിച്ച 18.10.2012 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 11.08.2016, 18.10.2016 തീയതികളിലെ വി2-14925/12 നമ്പർ കത്തുകൾ..

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ 'ഓപ്പറേഷൻ അവിയൽ' എന്ന പേരിൽ സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി. ബ്യൂറോയുടെ വയനാട് യൂണിറ്റ് 06.09.2011 തീയതിയിൽ കൽപ്പറ്റ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

a) ജീവനക്കാർ ജോലി ആരംഭിക്കുന്നതിന് മുൻപായി കൈവശം സൂക്ഷിച്ചിട്ടുള്ള പണം സമ്പാദിച്ച വിവരം പേഴ്സണൽ ക്യാഷ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിരുന്നില്ല.

b) ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിച്ചിരുന്നില്ല.

2) പ്രസ്തുത ക്രമക്കേടുകൾക്ക് ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.എം. കുഞ്ഞിക്കണ്ണനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുമുണ്ടായി.

3) കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. കുഞ്ഞിക്കണ്ണൻ സമർപ്പിച്ച പരാമർശം മൂന്നിലെ പ്രതിവാദ പത്രികയിൽ താൻ 01.01.2011-ാം തീയതിയിലാണ് കൽപ്പറ്റ നഗരസഭയിൽ പ്രൊവിഷണൽ സെക്രട്ടറിയായി ചാർജ്ജ് ഏറ്റെടുക്കുന്നതെന്നും ടി അവസരത്തിൽ തനിയ്ക്ക് ലഭിച്ചിട്ടുള്ള ചാർജ്ജ് എടുത്തതിനു ശേഷം തനിയ്ക്ക് തൊട്ട് താഴെ അഡ്മിനിസ്ട്രേഷൻ ചുമതലയുള്ള സൂപ്രണ്ടിന് പ്രസ്തുത രജിസ്റ്റർ എല്ലാ ദിവസവും എഴുതി സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നതായും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഓഫീസിലുള്ള ഇത്തരം കാര്യങ്ങളിൽ പ്രസ്തുത രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന കാര്യത്തിൽ തന്റെ മുഴുവൻ ശ്രദ്ധയും പതിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും കൂടാതെ അതാത് ദിവസം ക്യാഷ് ബുക്ക് ക്ലോസ് ചെയ്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കണമെന്നിരിക്കെ ആയത് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നതിൽ തൊട്ടു താഴെയുള്ള സൂപ്രണ്ടിന് നിർദ്ദേശം നൽകിയിരുന്നതായും കൂടാതെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം നഗരസഭകളിൽ നടപ്പാക്കി വരുന്ന സമയമായതിനാലും മുഴുവൻ ഡാറ്റയും കംപ്യൂട്ടറിൽ ഫീഡ് ചെയ്ത് ബാങ്ക് ബുക്കും, ക്യാഷ് ബുക്കും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുന്ന സമയമായതിനാലുമാണ് മുഴുവൻ ക്യാഷ് ബുക്ക് അതാത് ദിവസം ക്ലോസ് ചെയ്യുവാൻ സാധിക്കാതെ വന്നു പോയതെന്നും ബോധിപ്പിച്ചു. കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെയും ഓഫീസിൽ ജനങ്ങളുടെ ദൈനംദിന കാര്യങ്ങളിലും കൗൺസിലിന്റെ വിഷയങ്ങളിലും നേരിട്ട് ഇടപെടേണ്ട ഉദ്യോഗസ്ഥൻ എന്നിരിക്കെ തന്നിൽ അർപ്പിതമായ ജോലിയിൽ മനഃപ്പൂർവ്വമല്ലാതെ വന്ന വീഴ്ച മാപ്പാക്കി തന്റെ പേരിൽ യാതൊരു ശിക്ഷണ നടപടിയും സ്വീകരിക്കരുതെന്നും വിനീതമായി അപേക്ഷിച്ചു.

4) ക്യാഷ് ബുക്ക് അതാത് ദിവസം ക്ലോസ് ചെയ്യാതിരുന്നതും ജീവനക്കാർ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാതിരുന്നതും നഗരസഭാ സെക്രട്ടറിയ്ക്കുണ്ടായ മേൽനോട്ട വീഴ്ചയായി കണക്കാക്കാവുന്നതാണെങ്കിലും നഗരസഭാ സെക്രട്ടറി എന്ന നിലയിൽ ടിയാന്റെ ജോലി ഭാരം കണക്കിലെടുത്തും ടിയാന്റെ മറുപടി പരിഗണിച്ചും ടിയാൻ 31.03.2015 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിലും ശ്രീ. കുഞ്ഞിക്കണ്ണനെതിരായ അച്ചടക്ക നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം ശുപാർശ ചെയ്തു. കൂടാതെ ടിയാന്റെ ഡി.സി.ആർ.ജി. ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ നഗരകാര്യ ഡയറക്ടറുടെ 24.07.2015-ലെ പി1-7639/15 നമ്പർ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

5) കൽപ്പറ്റ നഗരസഭാ പ്രൊവിഷണൽ സെക്രട്ടറിയായിരുന്ന ശ്രീ. കുഞ്ഞിക്കണ്ണൻ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിലും,

നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**എസ്. മോഹൻദാസ്,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), തിരുവനന്തപുരം.
സെക്രട്ടറി, കൽപ്പറ്റ നഗരസഭ.
ശ്രീ. കുഞ്ഞിക്കണ്ണൻ, പ്രൊവിഷണൽ സെക്രട്ടറി, കൽപ്പറ്റ നഗരസഭ.
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (14.03.2017 തീയതിയിലെ 1641/ഡി1/17/വിജി. നമ്പർ പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**